പഞ്ചായത്ത് ധനകാര്യ കമ്മീഷൻ

* 69 [111] ശ്രീ. സി. വാസുദേവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് ധനകാര്യ കമ്മീഷൻ അതിന്റെ റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്നാണ് റിപ്പോർട്ട് സമർപ്പിച്ചത്;

(സി) റിപ്പോർട്ട് ഗവൺമെന്റ് പഠിച്ചുവോ;

(ഡി) എന്തൊക്കെയാണ് കമ്മീഷന്റെ പ്രധാന നിർദ്ദേശങ്ങൾ;

(ഇ) റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലെങ്കിൽ എന്നത്തേക്ക് സമർപ്പിക്കും?

തദ്ദേശസ്വയം ഭരണ വകുപ്പു മന്ത്രി (ശ്രീ. സി. എം. സുന്ദരം):

(എ) സമർപ്പിച്ചിട്ടില്ല.

(ബി, സി, ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) 1985 ഒക്ടോബർ 15-ാം തീയതി സമർപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കടൽ ഭിത്തി

* 70 [112] ശ്രീ. കെ.ഇ. ഇസ്മയിൽ:
,, വി.കെ. രാജൻ:
,, കാനം രാജേന്ദ്രൻ:
,, കെ.ആർ. ചന്ദ്രമോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കടൽഭിത്തി കെട്ടുവാൻ ഇനി എത്ര കി.മീ കടലോരം ഉണ്ട്;

(ബി) ഇതിൽ എത്ര കിലോമീറ്ററിന്റെ ജോലി ഈ വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്;

(സി) ഇതിന് എത്ര സംഖ്യ ചെലവു വരും;

(ഡി) കടൽഭിത്തി നിർമ്മാണത്തിന് കേന്ദ്ര ഗവൺമെന്റിൽ നിന്നും സഹായധനം ലഭിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്നു വ്യക്തമാക്കുമോ?

ജലസേചന വകുപ്പു മന്ത്രി (ശ്രീ. എം.പി. ഗംഗാധരൻ):

(എ) 170 കിലോമീറ്ററോളം കടലോരമുണ്ട്.

(ബി) 39.275 കി.മീറ്റർ ദൂരം കടൽഭിത്തി കെട്ടുവാനുള്ള ജോലി ഈ വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) 22 കോടിയോളം രൂപ ചെലവു വരും (ഇതിൽ 19,389 കി.മീ. കടൽഭിത്തി നവീകരണ ജോലിയും ഉൾപ്പെടുന്നതാണ്)

(ഡി) കടൽഭിത്തി നിർമ്മാണത്തിന് കേന്ദ്രഗവൺമെന്റിൽ നിന്നുള്ള ധനസഹായം 2:1 എന്ന അനുപാതത്തിലാണ്. എന്നാൽ ഈ അനുപാതം ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള കടൽ ഭിത്തിയുടെ നിർമ്മാണത്തിനു മാത്രമേ ബാധകമാവൂ.

LIBRARY ARCHIVES Kerala Legislative Assembly